**ജില്ലാ മെഡിക്കൽ ഓഫീസ്(ആരോഗ്യം), തൃശൂർ**

പിൻ കോഡ് : 680001, ഫോൺ : 0487 2333242

ഇ-മെയിൽ : dmohtsr.@gmail.com

**ഫയൽ നം.എ 6-4030/HA/2024/DMOH/TSR** **തിയതി: 09-05-2025**

**കാരണം കാണിക്കൽ നോട്ടീസ്**

വിഷയം : ആരോഗ്യവകുപ്പ് ജി.മെ.ഒ.(ആ). തൃശൂർ - അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന ശ്രീമതി.സ്മിത കെ.കെ - ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II - കുടുംബാരോഗ്യ കേന്ദ്രം തൃക്കൂർ - കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത് - സംബന്ധിച്ച്.

സൂചന : 307/2024/മെഡിക്കൽ ഓഫീസർ ഇൻ ചാർജ്/കുടുംബാരോഗ്യ കേന്ദ്രം തൃക്കൂർ.

ശ്രീമതി.സ്മിത കെ.കെ എന്ന താങ്കൾ തൃക്കൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിൽ ജോലി നോക്കിവരവേ, 07-11-2022 തിയതി മുതൽ ഈ സ്ഥാപനത്തിൽ നിന്നും അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുകയും ചെയ്തിട്ടുള്ളതാണ്. 08-03-2022 ൽ സേവനത്തിൽ പ്രവേശിച്ച താങ്കൾ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് മുമ്പായി 07-11-2022 മുതൽ അവധി അനുവദിച്ചു കിട്ടാതെ തന്നെ അവധിയിൽ പ്രവേശിച്ചിരിക്കുന്നു. മേൽകാരണങ്ങളാൽ, താങ്കളുടെ work & conduct തൃപ്തികരമല്ല. ഈ സാഹചര്യത്തിൽ താങ്കൾ ഇപ്പോൾ പ്രൊബേഷണർ ആയതിനാൽ പ്രൊബേഷൻ കാലയളവിൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നത് 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂൾസിലെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം {1958-KS&SSR Part ii ചട്ടം 19(a) (11)} കുറ്റകരമായതിനാൽ തങ്ങളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിക്കുന്നു.

മേൽതാത്ക്കാലിക തീരുമാനത്തിന് എതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകം രേഖാമൂലം എഴുതി സമർപ്പിക്കേണ്ടതാണ്. ടി.വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയത് ഈ നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. തത്സംബന്ധമായ വാദപ്രതിഭാഗ പത്രികയോ, വിശദീകരണമോ താങ്കളിൽ നിന്നും ടി.കാലയളവിനുള്ളിൽ ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള തീരുമാനമായി സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**ഡോഃ ശ്രീദേവി.ടി .പി,**
**ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),**
**തൃശൂർ.**

**സ്വികർത്താവ് :-**

ശ്രീമതി.സ്മിത കെ.കെ ((സ്ഥാപന മേധാവി മുഖേന)
ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II

Signed by
Sreedevi T P
Date: 13-05-2025 08:26:03